**കേരള സർക്കാർ**

നം.ഡി.ബി.1/521/2018/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്,
തിരുവനന്തപുരം, തീയതി, 30.08.2018

## സർക്കുലർ

**വിഷയം:-** തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**സൂചന:-** 28-08-2018 തീയതിയിലെ ചീഫ് സെക്രട്ടറിയുടെ കുറിപ്പ്.

സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ മഹാപ്രളയത്തിൽ പല ജില്ലകളിലും ഉരുൾപൊട്ടലുകൾ ഉണ്ടാവുകയും നിരവധി ജീവനും സ്വത്തിനും നാശനഷ്ടം സംഭവിക്കുകയും ഉണ്ടായി. ഈ പ്രളയത്തെ തുടർന്ന് തകർന്ന വീടുകൾ, ഉരുൾപൊട്ടൽ പോലുള്ള ദുരന്തങ്ങൾ സംഭവിച്ച അതേ സ്ഥലത്തു തന്നെ പുനർ നിർമ്മിക്കുവാൻ ജനങ്ങൾ ശ്രമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം/ വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും സർക്കാർ തീരുമാനം കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ്, എസ്.ആർ.ജി, സംസ്ഥാന ആസൂത്രണ ബോർഡ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ